എംപ്ലോയ്മെൻസ് എക്സ്ചേഞ്ചുകൾ.

*1732. [23] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തനം നടത്തുന്ന എംപ്ലോയ്മെൻസ് എക്സ്ചേഞ്ചുകൾ എത്ര ; ഓരോ ആഫീസിലും വിവിധ ജോലികൾക്കുവേണ്ടി എത്ര പേർ വീതം പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അപേക്ഷകർ പേരുകൾ രജിസ്റ്റർ ചെയ്ത ഇനത്തിൽ 1958-59 വർഷത്തിൽ എത്ര തുക ഗവണ്മെൻറിനു ലഭിക്കുകയുണ്ടായി ;

(സി) എറണാകുളം എംപ്ലോയ്മെൻസ് എക്സ്ചേഞ്ചു ആഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിലും ഗവണ്മെൻറിലേയ്ക്ക് പേരുകൾ ശുപാർശ ചെയ്തയയ്ക്കുന്നതിലും, ക്രമക്കേടുകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) പത്തു്. ഓരോ ആഫീസിലും വിവിധ ജോലിക്കുവേണ്ടി രജിസ്റ്റർ ചെയ്തവരുടെ എണ്ണം 1959-ഏപ്രിൽ അവസാനത്തിൽ താഴെ കാണും വിധമാണു്.

തിരുവനന്തപുരം	എംപ്ലോയ്മെൻസ്	എക്സ്ചേഞ്ചു്	20,600
കോഴിക്കോടു്	,,		8,524
എറണാകുളം	,,		44,249
തൃശ്ശൂർ	,,		12,898
കോട്ടയം	,,		8,530
കൊല്ലം	,,		12,075
ആലപ്പുഴ	,,		13,801
കണ്ണൂർ	,,		5,289
പാലക്കാടു്	,,		5,354
തൃണിവേഴ്സിറ്റി എംപ്ലോയ്മെൻസ് ബ്യൂറോ			0

(ബി) എംപ്ലോയ്മെൻസ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുന്നതിനു യാതൊരു ഫീസും ഈടാക്കുന്ന പതിവില്ല.

(സി) ചില വ്യക്തികളുടെ പരാതി ലഭിച്ചിട്ടുണ്ടു്. അവ അന്വേഷണത്തിൽ ഇരിക്കുകയാണു്.

WRITTEN ANSWERS.

റബ്ബർതോട്ടം തൊഴിലാളികൾക്കുള്ള വേജസ്.

*1733. [24] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ തൊഴിലാളികളെ സംബന്ധിക്കുന്ന കോട്ടയം എഗ്രിമെൻറ് പ്രകാരം റബ്ബർതോട്ടം തൊഴിലാളികൾക്കുള്ള വേജസ് എത്രയാണു് ;

(ബി) എഗ്രിമെൻറിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly